പതിമൂന്നാം കേരള നിയമസഭ

പന്ത്രണ്ടാം സമ്മേളനം

നക്ഷത്രചിഹ്നമിട്ട ചോദ്യം നം. *285 — 12.12.2014 ലെ മറുപടിയ്ക്ക്

**ജൈവകൃഷി മേഖലയിലുണ്ടായ വിദേശനിക്ഷേപം**

| ചോദ്യം | മറുപടി |
|---|---|
| ശ്രീ.എം.എ.ബേബി<br>ശ്രീ.ഇ.പി.ജയരാജൻ<br>ശ്രീ.വി.ചെന്താമരാക്ഷൻ<br>ശ്രീ.സി.കെ.സദാശിവൻ | ശ്രീ. കെ.പി. മോഹനൻ<br>(കൃഷിയും മൃഗസംരക്ഷണവും, അച്ചടിയും, സ്റ്റേഷനറിയും വകുപ്പ് മന്ത്രി) |

(എ) ആഗോള കാർഷിക സംഗമത്തിന് ജർമ്മനിയിലെ 'ന്യൂറംബർഗ് മെസ്' എന്ന ആഗോള പ്രദർശന മേള കമ്പനിയൊരുക്കുന്ന 'ബയോഫാക് ഇന്ത്യാ - 2014' മേളയുമായുള്ള ബന്ധം വിശദമാക്കുമോ;

(എ) ആഗോളതലത്തിൽ ജൈവകൃഷി പ്രോത്സാഹന വിപണനത്തിനായി "ബയോഫാക്" എന്ന മേള സംഘടിപ്പിക്കുന്നത് "ന്യൂറംബർഗ് മെസ്" ആണ്. ഇന്ത്യയിൽ പ്രസ്തുത "ന്യൂറംബർഗ് മെസ്" യുമായി സഹകരിച്ച് വിവിധ കേന്ദ്ര സംസ്ഥാന സർക്കാർ വകുപ്പുകളുടെ സഹകരണത്തോടെ " ബയോഫാക് ഇന്ത്യ' എന്ന മേള സംഘടിപ്പിക്കുന്നത് ബാംഗ്ലൂർ ആസ്ഥാനമാക്കി പ്രവർത്തിച്ചുവരുന്ന "International Competence Centre for Organic Agriculture (ICCOA)" ആണ്.

(ബി) ജൈവകൃഷിക്കായി സംഗമത്തിൽ പങ്കെടുത്ത ഏതെല്ലാം വിദേശ കമ്പനികൾ താല്പര്യം പ്രകടിപ്പിച്ചിട്ടുണ്ട്; ധാരണാപത്രത്തിൽ ഒപ്പിട്ടവർ ആരൊക്കെയാണ്; ഇതിനായി ഏതെല്ലാം ജില്ലയിൽ എത്ര ഏക്കർ ഭൂമി വീതം നൽകാൻ ഉദ്ദേശിക്കുന്നു ?

(ബി) ബയോഫാക് ഇന്ത്യ 2014- ൽ ഭാഗാഭാക്കാകുവാനും മേളയിൽ പ്രദർശനസ്റ്റാളുകൾ സജ്ജമാക്കുവാനും സഹകരിച്ച വിദേശകമ്പനികളുടെ പേരുവിവരം ചുവടെ ചേർക്കുന്നു.

- ജിയോസാൻ ഇന്റർനാഷണൽ ഓർഗാനിക് എക്സ്പോ ഓർഗനൈസിംഗ് കമ്മിറ്റി , കൊറിയ
- ഇന്റർനാഷണൽ ഫെഡറേഷൻ ഓഫ് ഓർഗാനിക് അഗ്രിക്കൾച്ചർ മൂവ്മെന്റ്സ് (IFOAM) ജർമ്മനി
- ദി ഇഡിയ കമ്പനി (THE IIDEA COMPANY) മെക്സിക്കോ

എന്നാൽ ജൈവകൃഷിക്കായി സംഗമത്തിൽ പങ്കെടുത്ത് ധാരണാ പത്രത്തിൽ ഒപ്പിട്ടത് കൊറിയൻ ഗോസാൻ കൗണ്ടി മേയറാണ്. കേരളത്തിലെ ആദ്യ ബയോ വില്ലേജ് കാസർഗോഡ് ജില്ലയിൽ യാഥാർത്ഥ്യമാക്കുന്നതിന്റെ ഭാഗമായി കൊറിയയുടെ സഹായത്തോടെ ആരംഭിക്കുന്ന ബയോവില്ലേജിനുള്ള ധാരണാപത്രം കൊറിയൻ ഗോസാൻ കൗണ്ടി മേയറും പനത്തടി ഗ്രാമപഞ്ചായത്ത് പ്രസിഡന്റും ഒപ്പു വച്ചു. ബയോവില്ലേജ് രൂപീകരണത്തിനുള്ള സാങ്കേതിക സഹായം കൊറിയ ലഭ്യമാക്കും. ബയോവില്ലേജ് സ്ഥാപിക്കുന്നതിനുള്ള പരിശീലനവും ഇതുമായി ബന്ധപ്പെട്ട് നല്കുന്നതാണ്.

സെക്ഷൻ ഓഫീസർ